വി. ലൂക്കാ 12 : 57 – 13 : 5

**2023 ജൂലൈ 02**

## വചനസന്ദേശം

# തിരിച്ച് നടക്കാം

**ഫാ. അരുൺ തേരുള്ളി**

ശത്രുവിനെപ്പോലും നെഞ്ചോട് ചേർത്തുപിടിച്ച് പരസ്പരം രമ്യതയോടുകൂടെ, ചെയ്തുപോയ പാപങ്ങളെയെല്ലാം ഓർത്ത് പശ്ചാത്തപിച്ച് വിശുദ്ധിയോടുകൂടെ, നല്ല ക്രിസ്ത്യാനികളും നല്ല മനുഷ്യരുമായി ജീവിക്കാനാണ് ക്രിസ്തു ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മോട് ആവശ്യപ്പെടുന്നത്. ഫയദോർ ദസ്തയെവ്സ്കിയുടെ ബ്രദേഴ്സ് കാരമസോവ് എന്ന പേരുകേട്ട നോവലിനുള്ളിൽ വിവരിക്കുന്ന സുന്ദരമായ ഒരു കഥയുണ്ട്. ഈ കഥയിൽ ക്രിസ്തു രണ്ടാമതും ഈ ലോകത്തിലേക്ക് വരികയാണ്. നഗരവീഥികളിലൂടെ നടന്നു നീങ്ങുന്ന ഈശോ, അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റിപ്പോറ്റിയതുപോലെ, വിശക്കുന്നവരെ കണ്ടെത്തി വിഭവങ്ങൾ സമൃദ്ധമായി നല്കുകയാണ്. 2000 വർഷങ്ങൾക്കു മുമ്പ് മുടന്തരെയും, കുരുടരെയും, തളർവാത രോഗികളെയും, കുഷ്ഠരോഗികളെയും സുഖപ്പെടുത്തിയതുപോലെ രോഗപീഢകളാൽ അലയുന്നവരെ കണ്ടെത്തി സൗഖ്യപ്പെടുത്തുകയാണ്. ലാസറിനെ ഉയിർപ്പിച്ചതുപോലെ മരിച്ചവരെ ഉയിർപ്പിക്കുകയാണ്. 2000 വർഷങ്ങൾക്കു മുമ്പ് ഒലിവിൻ കൊമ്പുകളുമായി ക്രിസ്തുവിനുവേണ്ടി ഓശാന പാടി വീഥിയൊരുക്കിയതുപോലെ പട്ടണം മുഴുവൻ ആർപ്പുവിളികളുമായി ക്രിസ്തുവിന്റെ പുറകേ കൂടി. ആ നാട്ടിലെ നേതാക്കന്മാരുടെ മേലാളത്തം നഷ്ടപ്പെട്ടെന്ന് തോന്നി ക്രിസ്തുവിനെ അവർ നിയമത്തിന്റെ കുരുക്കിലാക്കി അറസ്റ്റ് ചെയ്ത് തടങ്കലിലടച്ചു. രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ തലമുതിർന്ന നേതാവ് ഈശോയെ കാണാനെത്തി ചോദിച്ചു: 'എല്ലാം കൃത്യവും സുന്ദരവുമായി ഞങ്ങളുടെ നേതൃത്വത്തിൻ കീഴിൽ നടക്കുമ്പോൾ എന്തിന് ഞങ്ങളുടെ സ്വൈര്യം കെടുത്തുവാൻ നീ ഇങ്ങോട്ടു വന്നു?' തടവറയുടെ അഴികൾ ക്രിസ്തുവിനു മുമ്പിൽ തുറന്നിട്ടിട്ട് ഈ നേതാവ് പറഞ്ഞു: 'എങ്ങോട്ടെങ്കിലും പോ. മേലിൽ ഈ നാട്ടിൽ കണ്ടുപോകരുത്.' ഇനി ക്രിസ്തു എന്ത് ചെയ്യും എന്നുള്ളതാണ് ചോദ്യം. ആ മനുഷ്യന്റെ നെറ്റിയിൽ സ്നേഹചുംബനം കൊടു ത്തിട്ട് പുഞ്ചിരിച്ച മുഖവുമായി ആ ഇരുട്ടിലൂടെ നടന്നുനീങ്ങും. ഒറ്റിക്കൊടു ക്കാനിരുന്നവന് വെച്ചു വിളമ്പിയവനും പീഡിതർക്കുവേണ്ടി പ്രാർത്ഥിച്ചവനും ഇങ്ങനെയല്ലാതെ പിന്നെ എങ്ങനെയാണ് ചെയ്യാൻ സാധിക്കുക.

ശത്രുവിനെ ശത്രുവായിട്ടുതന്നെ കാണാൻ പഠിപ്പിക്കുന്നതാണ് ഈ ലോകത്തിന്റെ ഭാഷ. പക്ഷേ, ക്രിസ്തുവിന്റെ ഭാഷയിൽ ശത്രുവിനെ സ്നേഹി ക്കുന്ന കാര്യത്തിൽ നീ 'എ വൺ' മേടിക്കണം എന്നുള്ളതാണ്. ശപിക്കുന്ന വനെതിരെ ശാപത്തിന്റെ വാക്കുകൾ ഉയർത്തുന്നതാണ് ഈ ലോകത്തിന്റെ ശൈലി. പക്ഷേ, ക്രിസ്തുവിന്റെ ശൈലിയിൽ ശപിക്കുന്നവരെപ്പോലും ആത്മാർ ത്ഥമായിട്ട് അനുഗ്രഹിക്കണം എന്നുള്ളതാണ്. നിന്റെ വസ്തുവകകൾ അപഹരി ച്ചെടുത്തവനെ കണ്ടെത്തി ശിക്ഷിക്കുക എന്നുള്ളത് ഈ ലോകത്തിന്റെ നിയമ മാണ്. പക്ഷേ, നിന്റെ മേലങ്കി കരസ്ഥമാക്കാനാഗ്രഹിക്കുന്നവന് കുപ്പായം കൂടി ഊരി നല്കുന്നതാണ് ക്രിസ്തുവിന്റെ നിയമം. ലോകത്തിന്റെ ഭാഷ സംസാരി ക്കുന്ന, ലോകത്തിന്റെ നിയമത്തിലൂടെ മാത്രം സഞ്ചരിക്കുന്ന ക്രിസ്ത്യാനികൾ ഇന്ന് ഏറുകയാണ്. ക്രിസ്തുവിന്റെ ഭാഷയും ശൈലിയും നിയമവും ജീവിത ത്തിൽ ഉൾക്കൊള്ളാൻ നമുക്ക് തീരെ താല്പര്യമില്ല. ഇങ്ങനെയുള്ളവർ വംശ നാശ ഭീഷണി നേരിടുമ്പോൾ കണ്ണിനു പകരം കണ്ണ് എന്ന് പറയുന്നവർ പെറ്റു പെരുകുകയാണ്. കത്തോലിക്കാസഭയെ വീരോചിതമായി നയിച്ച വിശുദ്ധനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ അലി അഗ്കയുടെ വെടിയേറ്റ് നിലത്ത് വീണ് മരണവെപ്രാളത്തിൽ ആയപ്പോഴും ആ സഹോദരനോട് ക്ഷമിക്കാൻ മറന്നില്ല. ആശ്വാസവാക്കുകളുമായി ആശുപത്രിയിൽ നിന്ന് ജയിലിലേക്കാണ് മാർപാപ്പ പോയത്. അരമനയിലെ വെള്ളിത്തിരിക്കാലുകൾ മോഷ്ടിച്ചവനെ പൊലീസ് അറസ്റ്റ് ചെയ്തപ്പോൾ മെത്രാൻ പറഞ്ഞു, അവനത് മോഷ്ടിച്ചതല്ല ഞാനവന് സമ്മാനം കൊടുത്തതാണ്. സി. റാണി മരിയയുടെ ഘാതകനെ രാഖി കെട്ടി സഹോദരനായി സ്വീകരിച്ചതും നമുക്ക് അറിവുള്ളതാണ്. കൂടപ്പിറപ്പുകൾ അകാരണമായി വേദനിപ്പിക്കുമ്പോഴും ഒരു വാക്ക് പോലും അവരെ മോശം പറയാത്ത ജന്മങ്ങളുണ്ട്. മക്കൾ മാതാപിതാക്കളെ ഉപേക്ഷിച്ചിട്ടും അവർക്കു വേണ്ടി നിറമിഴികളോടെ കൊന്തമണിയുരുട്ടുന്ന മാതാപിതാക്കളുണ്ട്. നമുക്കും ക്രിസ്തുവിന്റെ ഈ ശൈലിയിലേക്ക് വളരാം.

രണ്ടാമതായിട്ട് ഈ സുവിശേഷം നമ്മളോട് പറഞ്ഞുവയ്ക്കുന്നത് പശ്ചാത്തപിക്കുവാനാണ്. തെറ്റ് പറ്റുക എന്നുള്ളത് മാനുഷികമാണ്. പശ്ചാത്ത പിക്കുക, മാനസാന്തരപ്പെടുക, തിരുത്തുക എന്നതൊക്കെ ദൈവികമാണ്. മാനസാന്തരപ്പെട്ട്, പശ്ചാത്തപിച്ച് സ്വർഗരാജ്യം സ്വന്തമാക്കാൻ ആവശ്യപ്പെടുന്ന താണ് ക്രിസ്തുവിന്റെ മൊഴി. ലോകവ്യാമോഹങ്ങളിൽ പെട്ട് ജീവിത അരങ്ങ് ആഘോഷമാക്കിയ അഗസ്തീനോസ് പുണ്യാളൻ തിരിച്ചറിവോടെ 'ഹാ എന്റെ സ്നേഹമേ, ഞാൻ നിന്നിൽ അഭയം പ്രാപിക്കാൻ വൈകിപ്പോയി' എന്നു പറഞ്ഞ് പശ്ചാത്തപിച്ച് തിരിച്ചു നടക്കുന്നുണ്ട്. ധൂർത്തപുത്രൻ പശ്ചാത്തപിച്ച് മിടുക്കനായി മാറുന്നുണ്ട്. മൂന്നു തവണ ഗുരുവിനെ തള്ളിപറഞ്ഞെങ്കിലും കണ്ണീരോടു കൂടെ പശ്ചാത്തപിച്ച് പത്രോസ് തിരിച്ചു നടന്നപ്പോൾ സഭയുടെ ആദ്യ മാർപാപ്പയായി മാറി. ജീവിതം മുഴുവൻ മോഷ്ടിച്ച് കള്ളനായി ജീവിച്ചെ ങ്കിലും ജീവിതത്തിന്റെ അവസാനം പശ്ചാത്തപിച്ചതുകൊണ്ട് നല്ല കള്ളന് പറുദീസ സ്വന്തമാക്കാൻ സാധിച്ചു.

വൃക്ഷത്തിന്റെ ചുവട് കിളച്ച് വളമിട്ട് ഒരു വർഷം കൂടി നീട്ടിക്കൊടുത്ത കണക്ക് എനിക്ക് മുമ്പിൽ ഇന്ന് ഒരു സാധ്യതകൂടി തുറക്കുകയാണ്. ചെയ്തു പോയ തെറ്റുകളെയോർത്ത് പശ്ചാത്തപിച്ച് ജീവിതത്തിലേക്ക് തിരിച്ച് നടക്കാൻ ദൈവം എന്നെയും നിങ്ങളെയും ക്ഷണിക്കുകയാണ്. കുറച്ചധികം കൂടി സ്നേഹിക്കാൻ, കുറച്ചുകൂടി മനസ്സിലാക്കാൻ എന്റെ സംസാരത്തെ നിയന്ത്രിക്കാൻ, ലഹരി വസ്തുക്കളിൽ നിന്ന് അകന്ന് നിൽക്കാൻ, ശാരീരിക വിശുദ്ധി കാത്തുസൂക്ഷിക്കാൻ, കള്ളത്തരങ്ങൾ അവസാനിപ്പിക്കാൻ, ഉത്തര വാദിത്വങ്ങൾ നിറവേറ്റാൻ, മുതിർന്നവരെ ബഹുമാനിക്കാൻ കുറച്ചുകൂടി പ്രാർത്ഥിക്കാൻ.

നമുക്ക് പശ്ചാത്താപഹൃദയത്തോടെ എല്ലാവരെയും സ്നേഹിച്ച് സ്വർഗ രാജ്യത്തെ ലക്ഷ്യമാക്കി ജീവിതവരമ്പിലൂടെ യാത്രയാകാം... എ